**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

## പോലീസുകാർക്ക് കൗൺസിലിംഗ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 118 26/02/2018-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പോലീസുകാർക്ക് കൗൺസിലിംഗ് നടത്താൻ നിർദ്ദേശം നൽകി പോലീസ് സ്റ്റേഷൻ ചുമതലയുള്ള എസ്.എച്ച്.ഒ.മാർക്ക് സർക്കുലർ അയച്ചിട്ടുണ്ടോ; | (എ) | പോലീസുകാർക്ക് കൗൺസിലിംഗ് നടത്താൻ സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും 25/09/2017-ലെ ജെ.2/149873/2016 പ്രകാരം എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | പോലീസ് ഉദ്യോഗസ്ഥർക്കിടയിലെ ആത്മഹത്യാ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം ഉണ്ടാക്കുന്ന മദ്യപാനം, സാമ്പത്തിക, കുടുംബ, ആരോഗ്യ പ്രശ്നങ്ങൾ, ജോലിയിലെ പ്രശ്നങ്ങൾ തുടങ്ങിയവ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള നടപടികളാണ് കൗൺസിലിംഗ് വഴി ഉദ്ദേശിക്കുന്നത്. |
| (സി) | സ്വഭാവദൂഷ്യത്തിന് നടപടി നേരിട്ടവർക്ക് കൗൺസിലിംഗ് നൽകാൻ പദ്ധതിയുണ്ടോ; | (സി) | മാനസിക സംഘർഷം/ മദ്യപാനം, എന്നിവ മൂലമുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി അവരുടെ മാനസിക സംഘർഷം കുറക്കുന്നതിനുവേണ്ടി ഒരു മെന്ററെ ചുമതലപ്പെടുത്തുവാനും പ്രസ്തുത മെന്റർ സിസ്റ്റത്തെ സംബന്ധിച്ച് എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും 25/09/2017-ലെ ജെ.2/149873/2016 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കൗൺസിലിംഗ് നൽകേണ്ട പോലീസുകാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; | (ഡി) & (ഇ) | കൗൺസിലിംഗ് നൽകേണ്ട പോലീസുകാരുടെ പട്ടിക തയ്യാറാക്കിവരുന്നു. |
| (ഇ) | എങ്കിൽ ജില്ല തിരിച്ചുള്ള പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ